ഉത്തരം

(എ) ഉണ്ട്.

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്നവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രധാനമായി രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഗ്രാമവികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്നത്. ഇവയിൽ സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ) പദ്ധതി പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗ്രാമീണരെ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് അവർക്കാവശ്യമായ പരിശീലനം സാങ്കേതിക പരിജ്ഞാനം അടിസ്ഥാന സൗകര്യങ്ങളും വിപണന സൗകര്യങ്ങളും ലഭ്യമാക്കി സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിനുള്ള പദ്ധതികൾക്ക് ബാങ്ക് വായ്പയും സബ്സിഡിയും നൽകി വരുമാന വർദ്ധനവ് ഉണ്ടാകത്തക്ക വിധത്തിലുള്ള വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. വ്യക്തിഗത ഗുണഭോക്താക്കൾക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സഹായം നൽകി വരുന്നുണ്ട്.

സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ) പദ്ധതി അനുസരിച്ച് ഗ്രാമീണ മേഖലകളിലെ പാവപ്പെട്ടവരായ ആൾക്കാർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഭക്ഷ്യസുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനുമായി ത്രിതല പഞ്ചായത്തുകൾ മുഖേന പദ്ധതികൾ നടപ്പാക്കി വരുന്നു. ഇതുമൂലം തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം സ്ഥായിയായ സാമൂഹ്യ സാമ്പത്തിക ആസ്തികളും ഗ്രാമീണ മേഖലകളിൽ സൃഷ്ടിക്കപ്പെടുന്നുണ്ട്.

പ്രധാനമന്ത്രിയുടെ സടക് യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയ സംസ്ഥാന പദ്ധതികൾ

191 [1867] ശ്രീ. വി. കെ. ചന്ദ്രൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, കെ. രാധാകൃഷ്ണൻ:
ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ സടക് യോജന പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്ത് ഏതെല്ലാം പദ്ധതികളാണ് ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഇനത്തിൽ ഇതുവരെ കേന്ദ്ര സർക്കാർ എന്ത് തുക സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം പദ്ധതികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രധാനമന്ത്രിയുടെ ഗ്രാമീണ സടക് യോജന പ്രകാരം 2000-2001, 2001-2002 വർഷങ്ങളിൽ ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം I-ഉം, II-ഉം ആയി ചേർത്തിട്ടുണ്ട്.†

(ബി) പ്രധാനമന്ത്രി ഗ്രാമ സടക് യോജന പ്രകാരം ഇതുവരെ 58.79 കോടി രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്.

(സി ആന്റ് ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2001-2002, 2002-2003 വർഷത്തേയ്ക്ക് വേണ്ടി കേന്ദ്രത്തിന് സമർപ്പിച്ച 37 ബ്ലോക്കുകളിലെ 47.65 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. 2003-04 വർഷത്തേയ്ക്കായി 14 ബ്ലോക്കുകളിലെ 20.77 കോടി രൂപയുടെ പദ്ധതിയ്ക്കും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം III-ൽ ചേർത്തിട്ടുണ്ട്.††

സടക് യോജന വഴി ലഭിച്ച ആനുകൂല്യങ്ങൾ

192 [1668] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ സടക് യോജനയിൽപ്പെടുത്തി സംസ്ഥാനത്തിന് ഇതുവരെ ലഭിച്ച ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തിന് ഈ പദ്ധതിയിൽ വർദ്ധിപ്പിച്ച സഹായം ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) 2003-2004, 2004-2005 വർഷങ്ങളിൽ സംസ്ഥാനത്തെ ഏതെല്ലാം വികസന ബ്ലോക്കുകളിൽ ഏതെല്ലാം പദ്ധതികളാണ് സടക് യോജനയിൽ നടപ്പിലാക്കുന്നതെന്നും ഇതിന് ഓരോന്നിനും നീക്കിവച്ച തുക എത്രയാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രാധാനമന്ത്രിയുടെ ഗ്രാമ സടക് യോജന പദ്ധതി പ്രകാരം 2000-2001 വർഷം 19.71 കോടി രൂപയും 2001-2002-ൽ 27.65 കോടി രൂപയും 2002-2003 വർഷം 11.43 കോടി രൂപയും കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്. കൂടാതെ 2003-2004-ൽ 20.77 കോടി രൂപയ്ക്കുള്ള 14 പാക്കേജുകൾക്കുകൂടി അനുമതി ലഭിച്ചിട്ടുണ്ട്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly